പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1100 | 01/07/2015 ൽ മറുപടിയ്ക്ക്

## അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ.കെ. നാരായണൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ പല സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്? | (ബി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ,ആർ.എം.എസ്.എ, ശുചിത്വ മിഷൻഎന്നിവയുടെ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളുടെഎണ്ണത്തിനാനുപാതികമായിഅടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മതിയായ സൗകര്യങ്ങളേർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ ഇവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്.<br>അതിനു പുറമെ പ്ലാൻഫണ്ട് 12-ാം ധനകാര്യ കമ്മീഷൻ അവാർഡ്തുക/ നബാർഡിൽ നിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 220 വൊക്കേഷണൽ ഹയർ |

സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ളം, ടോയ്‌ലറ്റ്,യൂറിനല്യകൾ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചു. ടി തുകയിൽ നിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും അതാതു ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുക D.D. ആയി റീലീസ് ചെയ്തിട്ടുണ്ട്.

Padma Kumari

സെക്ഷൻ ഓഫീസർ.